# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 15/08/14

*(18 SHAWWAL 1435 Hijiri)*

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ് തഅവ്വദ് സൂറ: അൽഫാത്തിഹയ്ക്ക് ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) ഇപ്ര കാരം പറഞ്ഞു.

**“മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനു വേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനുമാകുന്നു.”** (49:14)

ജമാഅത്തും ഇസ്ലാമിലെ ഏകത്വവും എന്നതാണ് ഇന്നത്തെ പ്രധാന പ്രസംഗ വിഷയം. പ്രധാനവിഷ യത്തിലേക്ക് വരുന്നതിനു മുമ്പ് ആമുഖമായി ഖലീഫത്തുല്ലാഹ് (അ) താഴെ പറയുന്ന കാര്യങ്ങൾ പറയുകയു ണ്ടായി.

1. ഖലീഫത്തുല്ലാഹ് (അ) റോഡ്റിഗ്യൂസിൽ ഇപ്പോൾ നടത്തിയ സന്ദർശനത്തെ കുറിച്ച് ചുരുക്കി പറയു കയുണ്ടായി. (09-12 ആഗസ്റ്റ് 2014) താമസിയാതെ അവിടെ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം താമസിയാതെ വെബ്സൈറ്റിൽ കൊടുക്കുന്നതാണ്. ഇൻശാ അല്ലാഹ്. മൗറീഷ്യസിൽ അദ്ദേഹവും സംഘവും തിരിച്ചെത്തിയ ശേഷം, അവിടെ നടത്തിയ പ്രവർത്തനങ്ങളെ വിശദീകരിക്കുന്നതിന് അംഗങ്ങ ളുടെ ഒരു സ്പെഷ്യൽ മീറ്റിംഗ് വിളിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹുവിന്റെ ദൂതൻ, ഖലീഫത്തുല്ലാഹ് (അ) പറയുന്നു. അല്ലാഹു (ത) അവന്റെ അനുഗ്രഹവർഷം ചൊരിഞ്ഞു കൊണ്ടിരി ക്കുകയാണ്. ഈ അനുഗ്രഹങ്ങളെ മൗറീഷ്യസിൽ അടിച്ചു വീശിയ ശക്തമായ കാറ്റിനോട് ഉപമിക്കാവുന്നതാ ണ്, കാറ്റിനെ തുടർന്നു പെയ്ത ചെറുമഴ, സത്യവിശ്വാസികളുടെ പാത തണുപ്പിക്കുകയും, സമാധാന പൂരി തവും ശാന്തഗംഭീരവുമാക്കിത്തീർത്തിരിക്കുന്നു.

2. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ധാരാളം ആളുകൾ ജനാബ് ജൻബാഹ് സാഹിബുമായുള്ള മുബാഹലയുടെ ഫലം എന്തായി എന്ന് ചോദിക്കുന്നുണ്ട്. അദ്ദേഹം പറ യുന്നു. ഈ രണ്ട് ജമാഅത്തുകളിലും നടക്കുന്ന പ്രവർത്തനങ്ങളെ താരതമ്യം ചെയ്തു നോക്കുക. സത്യം എവിടെയാണെന്ന് നിങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മുബാഹല എന്നു പറയുന്നത് ബോക്സിംഗ് മൈദാനിൽ നടക്കുന്നതുപോലുള്ള മത്സരമല്ല. മുബാഹലയുടെ ഫലങ്ങൾ പലരീതിയിൽ നമുക്ക് മനസ്സിലാക്കാവുന്നതാണ്. അവിടെ നമുക്ക് ആത്മീയ മരണവും ദർശിക്കുവാൻ കഴിയും. പ്രത്യേകിച്ച് ജമാ അത്ത് അഹ്മദിയ്യാ ഇസ്‌ലാഹ് പസന്ത് പാർട്ടിക്കും, അതിന്റെ നേതാവ് ജനാബ് അബ്ദുൾ ഗഫാർ ജൻബാഹ് സാഹിബിന്റെയും ആത്മീയ മരണം. അദ്ദേഹത്തിന്റെ ജമാഅത്ത് അപ്രത്യക്ഷമാകാം. അത് ചില ആളുകൾ ചോദിക്കുന്നതുപോലെയും കാത്തിരിക്കുന്നതുപോലെയും ശാരിരീക മരണം ആകണമെന്നില്ല. ഖലീഫത്തു ല്ലാഹ് (അ) പറഞ്ഞു. ഇതു സംബന്ധമായി ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. ചുരുക്കത്തിൽ പറയു കയാണ്, പരുഷമായോ, പൊള്ളയായ അഹങ്കാരം കൊണ്ടോ പറയുന്നതല്ല, മറിച്ച് ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ നിർദ്ദേശമനുസരിച്ച് പറയുന്ന കാര്യങ്ങളാണ്. ഈ ദ്വീപുകളിലൊക്കെ എങ്ങനെ പ്രവർത്തിക്കണമെന്ന് അല്ലാഹു (ത) മാർഗ്ഗദർശനം നല്കുന്നുണ്ട്. 2008 ൽ അല്ലാഹു (ത) എഴുന്നേല്പിച്ച ജമാഅത്താണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം. 2008 മുതൽ 2014 വരെ, അല്ലാഹുവിനോടും അവന്റെ ഖലീഫയോടും കൂറുള്ള വളരെ കുറച്ച് ആളുകൾ, എന്നാൽ ആത്മാർത്ഥതയും നിഷ്കളങ്കതയും കൈമുത ലായുള്ള അംഗങ്ങൾ, വളരെയധികം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. പിന്നീട്, മുഹ്‌യിദ്ദീൻ (അ) അനുസ്മരിച്ചു. അല്ലാഹു (ത) അദ്ദേഹത്തെ ഒരു ജമാഅത്തുമായി ഉയർത്തിയതും അതിന്റെ പ്രശോഭിതമായ അവസ്ഥയെക്കുറിച്ചും, ഭൗതിക വീക്ഷണത്തിൽ വേണമെങ്കിൽ പറയാം, അതായത് ഇവർ വളരെ ബുദ്ധിയുള്ളവരും, അറിവുള്ളവരും ആയിരുന്നു. ഈ ആളുകളെ അല്ലാഹു അല്ലാഹുവിന്റെ ജമാ അത്തിലേക്ക് ഉയർത്തി, പ്രത്യേകിച്ച് ഹുസൂർ (അ) നേയും അവരേയും, അഹ്മദിയ്യാ ജമാഅത്തിൽ നിന്നും പുറത്താക്കിയതിനെ തുടർന്ന്. ഈ ജമാഅത്ത്, അല്ലാഹുവിനെയും അവന്റെ ദൂതനേയും അനുസരിച്ചടത്തോളം കാലം വളരെ നല്ല നിലയിൽ പ്രവർത്തിക്കുകയുണ്ടായി. എന്നാൽ കുറേശ്ശയായി, പാരുഷ്യത്തിന്റെയും അഹങ്കാരത്തിന്റെയും വിത്തുകൾ അവരുടെ ഹൃദയങ്ങളിൽ പ്രവേശിക്കുവാൻ തുടങ്ങി. അങ്ങനെ അത് ഉണങ്ങിയ വൃക്ഷം പോലെയായിതീർന്നു. അതിന്റെ പാരമ്യതയിൽ, ജമാ അത്തിന്റെ പേരിനെ തന്നെ പിടിച്ചെടുക്കുവാൻ ധൈര്യം കാണിച്ചു. അവർ കരുതി, അവരിങ്ങനെ ചെയ്യുമ്പോൾ ഹുസൂർ (അ) ന് പോകാനൊരു ഇടം ഉണ്ടാകില്ല എന്ന്. അതോടൊപ്പം, മറ്റനേകം ആളുകൾ, വിയോജനപ്രതികരണങ്ങളും തീർത്തു. ഖലീഫത്തുല്ലാഹ് പറയുന്നു. അവരുടെ കൂടുതൽ വിയോജനകുറിപ്പുകൾ ഇന്നും അവരിൽ നിന്നും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു (ത) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ ഉയർത്തിയിരിക്കുന്നു. ഹൃദയങ്ങളിൽ രോഗമുള്ളവർ (പരുഷത, അഹംഭാവം, വളരെ ബുദ്ധിമാന്മാർ ആണ് എന്ന ചിന്ത) അവരുടെ ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവൻ അല്ലാഹു മാത്രമാണ്. അവരെ അല്ലാഹു അല്ലാഹുവിന്റെ ജമാഅത്തിൽ നിന്നും ദൂരപ്പെടുത്തുന്നതാണ്. ഈ രീതിയിലുള്ള ആത്മീയ രോഗങ്ങളെ അല്ലാഹു(ത) തീരെ ഇഷ്ടപ്പെടുന്നില്ല. അല്ലാഹു താനുദ്ദേശിക്കുന്നവരെ ഉയർത്തുന്നു. അവൻ അവന്റെ വിനീത സേവകനെ ഉയർത്തി. അങ്ങനെ 2008 മുതൽ 2014 വരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നമുക്ക് പറയുവാൻ കഴിയും (പരുഷമായ നിലയിലല്ല ; മറിച്ച് ദൈവീകാനുകമ്പയാൽ) ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അല്ലാഹുവിന്റെ ജമാ അത്താകുന്നു എന്ന്. നമ്മുടെ ജമാഅത്തു ഔദ്യോഗികമായി സ്ഥാപിച്ചിരിക്കുന്നു. നല്ല നിലയിൽ അത് പ്രവർത്തിക്കുന്നു. അനേകം ജോലികൾ നടത്തപ്പെട്ടിരിക്കുന്നു. ഓരോ അംഗത്തിനും അവരുടേതായ പങ്കുണ്ട്.

4. തുടർന്ന്, റോഡ്‌റിഗ്വൂസിലെ സന്ദർശനം എങ്ങനെയാണ് വിജയമകുടം ചാർത്തിയതെന്നും, അല്ലാഹുവിന്റെ അനുഗ്രഹങ്ങളാൽ സമ്പന്നമായതെന്നും വിശദീകരിക്കുകയുണ്ടായി. ഈ യാത്ര അല്ലാഹു അനുഗ്രഹപ്രദമാക്കി. തബ്‌ലീഗിലൂടെയും പ്രവർത്തനങ്ങളിലൂടെയും. നിങ്ങൾക്ക് പണം ഉണ്ടായിരിക്കാം ധനാധിക്യമുള്ള ജമാഅത്തുമായിരിക്കാം. നിങ്ങൾക്ക് വലിയ കേന്ദ്രങ്ങളും ഉണ്ടായിരിക്കാം, അതിഥി മന്ദിരങ്ങളും ഉണ്ടായിരിക്കാം. മിഷണറിമാരെ ഇറക്കുവാനുള്ള ഏർപ്പാടും വണ്ടിയും ഉണ്ടായിരിക്കാം. ഒരു പ്രവർത്തിയും ചെയ്യുന്നില്ലെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനമെന്താണ്? വാഹനം എപ്പോഴും ഗാരേജിൽ തന്നെ കിടപ്പാകും. (ജമാഅത്ത് പ്രവർത്തനത്തിന് ഉപയോഗിക്കുന്നില്ലെങ്കിൽ ) റോഡ്‌റിഗ്വൂസിലെ രണ്ടു പള്ളികൾ അടച്ചിട്ടിരിക്കുന്നു. വൃത്തിഹീനമായികിടക്കുന്നു. അവിടെ നമസ്ക്കരിക്കുന്നവരാരുമില്ല. ഇങ്ങനെ ആയിരിക്കുവാനാണോ ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പ്രത്യേകിച്ച് ലക്ഷകണക്കിന് ആസ്ഥിയുള്ള ഒരു ജമാഅത്ത് ? മൗറീഷ്യസിലെ അമീർ എന്താണ് ചെയ്യുന്നത് ? അല്ലെങ്കിൽ എന്താണ് പറയുന്നത് ? അദ്ദേഹം ഭൗതികമായ അനുഗ്രഹങ്ങളെ യഥാർത്ഥ ദൈവീകാനുഗ്രഹങ്ങളായി ചിത്രീകരിക്കുന്ന ആളല്ലേ ? റോഡ്‌റിഗ്വൂസിലെ പഴയകാല അഹ്മദിയ്യാ ചരിത്രവും ഇപ്പോഴത്തെ അഹ്മദിയ്യാ ചരിത്രവും ഒന്നു താരതമ്യം ചെയ്തു നോക്കുക. മറ്റൊരു വാക്കിൽ പറഞ്ഞാൽ പണ്ട് ചെയ്തിരുന്ന പ്രവർത്തനങ്ങളും ഇപ്പോഴത്തെ അധഃപതനവും. തുടർന്ന് ഹുസൂർ (അ) പറഞ്ഞു. ഇപ്പോഴത്തെ അവിടുത്തെ അഹ്മദിയ്യാ മിഷണറി; ഇയാൾ എങ്ങനെയാണ് ഒരിക്കൽ ഹുസൂർ (അ) ന്റെ പേരിൽ വന്ന ഒരു കത്ത് 2001 ൽ തന്റെ കയ്യിൽ തടഞ്ഞു വച്ചതെന്നും, എഴുത്തിനെപ്പറ്റി അയാളോടു ചോദിച്ചപ്പോൾ, അയാൾ കുളിച്ചപ്പോൾ ആ കത്ത് നനഞ്ഞുപോയി എന്നുമുള്ള ദയനീയ ക്ഷമാപണം ഞാൻ ഓർക്കുന്നു. (മറ്റൊരുവാക്കിൽ പറഞ്ഞാൽ എഴുത്ത് നനഞ്ഞ് ഉപയോഗശൂന്യമായി പോയി എന്നു സാരം). മുൻകാല അമീറും ഈ മിഷണറിയും കൂടി തയ്യാറാക്കിയ പദ്ധതി ! ആ മിഷണറിയെ വെല്ലുവിളിച്ചു കൊണ്ട് ഹുസൂർ പറഞ്ഞു. ഈ വിഷയത്തെ സംബന്ധിച്ച് ആർജവം ഉണ് ടെങ്കിൽ രംഗത്ത് വന്ന് ഖണ്ഡിക്കൂ!.

**ജമാഅത്തും ഇസ്ലാമിലെ ഏകത്വവും**

ഇസ്ലാമിലെ ജമാഅത്ത് അഥവാ സംഘം എന്ന ആശയം അതിന്റെ പ്രത്യേകതയാണ്. മതം എന്നു പറയുന്നത് നിയമമാണ്. നിയമമെന്നു പറയുന്നത് മതവും. ശരീഅത്ത് എന്നപേരിൽ അറിയപ്പെടുന്ന പരമോന്നതനായ അല്ലാഹുവിന്റെ നിയമം സമുദായത്തിന്റെ ഉത്തേജക ശക്തിയാണ്. ഇങ്ങനെ ചിന്തിക്കുമ്പോൾ മുസ്ലികളുടെ സാമൂഹ്യ പുരോഗതിയെ കുറിച്ച് നമുക്ക് പറയാൻ കഴിയുന്നത് ശരീഅത്തിന്റെ ശക്തിപ്രഭാവം കൊണ്ടാണു എന്നു പറയേണ്ടിവരും. ശരീഅത്ത് എന്നാൽ സമുദായമെന്നും സമുദായമെന്നാൽ പരസ്പരം ശക്തി പകരുന്നത് എന്നും പറയേണ്ടി വരും. വ്യക്തി വിഭജനത്തിലൂടെയും, ആശയ വിഭജനത്തിലൂടെയും, കക്ഷിപക്ഷപാതം പുലർത്തുന്നതിലൂടെയും ഒന്നും തന്നെ നേടുവാൻ കഴിയുകയില്ല. വിജയത്തിന്റെ ആണിക്കല്ല് ഈ ഏകകം ആണ്. പരമോന്നതനായ അല്ലാഹു വ്യക്തമായി കല്പിക്കുന്നു! ശക്തമായി മുന്നറിയിപ്പ് നല്കുന്നു ! അവന്റെ ഗ്രന്ഥത്തിലൂടെ. **തങ്ങൾക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയ ശേഷം ഭിന്നിച്ചു ചേരി പിരിഞ്ഞവരെപ്പോലെ നിങ്ങളാവരുത്. അവർക്കാണ് വലിയ ശിക്ഷ (വിധിക്കപ്പെട്ടിട്ടുള്ളത്) (3:106)**

ഒരു പൂർണ്ണ മുസ്ലിം ആയിത്തീരുവാൻ വെറുതെ ശഹാദത്ത് ഉച്ചരിച്ചാൽ മാത്രം മതിയാവുകയില്ല. ദൈവം തന്റെ ദാസന്മാർക്ക് നല്കിയിരിക്കുന്ന കല്പനകൾ ബോധ്യപ്പെട്ട്, അംഗീകരിച്ച് പ്രവർത്തി പഥത്തിൽ കൊണ്ടു വരുമ്പോഴാണ് അവൻ പരിപൂർണ്ണ മുസ്ലിമാകുന്നത്. ഇസ്ലാമിലെ ഐക്യത്തിന്റെയും, സാഹോദര്യത്തിന്റെയും പ്രാധാന്യം അപ്പോൾ മാത്രമേ മുസ്ലീം സമുദായം മനസ്സിലാക്കുകയുള്ളൂ. ഇസ്ലാം വിഭാവന ചെയ്യുന്ന മഹത്തായ സംഘടിത രൂപം ഏതൊരു സമൂഹത്തിന്റെയും നട്ടെല്ലാകുന്നു. പൗരത്വത്തിന്റെ അടിത്തറ അനുകമ്പാപൂർണ്ണമായ സാർവ്വദേശിയ സാഹോദര്യമാകുന്നു. ഇസ്ലാമിലെ സാഹോദര്യത്തെ ഭാഷാന്തരം ചെയ്യുമ്പോൾ സമുദായം /രാഷ്ട്രം / ജനത എന്നു പറയാവുന്നതാണ്. ജനം എന്നു പറയുമ്പോൾ, വൈവിധ്യപൂർണ്ണമായ ജനങ്ങൾ, വൈവിധ്യപൂർണ്ണമായ ഗുണങ്ങൾ, വിവിധങ്ങളായ വർഗ്ഗങ്ങൾ, വിവിധ ഭാഷകൾ, വിവിധ ചരിത്രങ്ങൾ ഇതെല്ലാം ഉൾക്കൊള്ളുന്നതാണ് ജനം. പരമോന്നതനായ അല്ലാഹുവിന് അടിമപ്പെട്ട് കഴിയുവാൻ ഹൃദയംഗമമായി ഒരുമിച്ചവരായിരിക്കും ഈ ജനം. നമുക്ക് ഒരു നിർദ്ദേശം ലഭിച്ചിരിക്കുന്നു. നാം കല്പിക്കപ്പെട്ടിരിക്കുന്നത് ആ ഏക മതത്തിൽ ജീവിക്കുവാനാണ്. അതുകൊണ്ട് നമ്മുടെ ലക്ഷ്യം പരമോന്നതവും മഹത്വപൂർണ്ണവുമാണ്. നാം പ്രബോധിക്കുന്നു അഥവാ സേവനം ചെയ്യുന്നു. നമ്മുടെ എല്ലാം ദൈവം ഏകനാണ്, പരമോന്നതനാണ്, സർവ്വശക്തനാണ്. ഈ ആദർശാധിഷ്ഠിതമായ മുസ്ലിം സമുദായം ഒന്നേയുള്ളൂ , അതു സന്തോഷ ഭരിതവുമായിരിക്കും. കോപം , അസൂയ, കപടത, അഹംഭാവം , വെറുപ്പ് , സംശയരോഗങ്ങൾ ഇവയിൽ നിന്നെല്ലാം അത് മുക്തവുമായിരിക്കും .

അബ്ദുല്ലാഹ് ഇബ്നു ഉമർ റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകർ (സ) പറഞ്ഞു. **ഒരു മുസ്ലീം മറ്റൊരു മുസ്ലീമിന്റെ സഹോദരനാണ്. ആയതിനാൽ അവനെ ഇടിച്ചു താഴ്ത്തരുത്. അവനെ ഇടിച്ചു താഴ്ത്തുന്നവനെ സഹായിക്കുകയുമരുത്. ആരാണോ തന്റെ സഹോദരന്റെ ആവശ്യം നിറവേറ്റുന്നത്, അവന്റെ ആവശ്യം അല്ലാഹു നിറവേറ്റുന്നതാണ്.** (ബുഖാരി) അനസ് ഇബ്ന് മാലിക് റിപ്പോർട്ട്ചെയ്ത മറ്റൊരു പ്രവാചക വചനത്തിൽ പറഞ്ഞിരിക്കുന്നു. **നിങ്ങൾ പരസ്പരം വെറുക്കരുത്, പരസ്പരം അസൂയപ്പെടരുത്, പരസ്പരം ഉപേക്ഷിച്ചുപോകരുത്, ദൈവാരാധന നടത്തുന്നവരെ! സഹോദരങ്ങളായിരിക്കുക. ഒരു മുസ്ലീം തന്റെ സഹോദരനോട് മൂന്നു ദിവസത്തിൽ കൂടുതൽ അകന്നിരിക്കുവാൻ അനുവദിക്കപ്പെട്ടിട്ടില്ല. (ബുഖാരി).**

വിശുദ്ധ ഖുർ ആനും നബിചര്യയും സാഹോദര്യത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഊന്നിപറഞ്ഞിട്ടുള്ളതാണ്. സാമൂഹ്യ പുരോഗതിയുടെ താക്കോലാണത്. ആയതിനാൽ, മുസ്ലീംകൾ എന്ന നിലയിൽ, പ്രവാചക വചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സമൂഹത്തെ നിർമ്മിക്കേണ്ടതുണ്ട്. തന്റെ സമുദായത്തിന് ആദർശാധിഷ്ഠിതമായ ജീവിത ക്രമം കാണിച്ചു കൊടുക്കുകയും, അത് പരിപാലിച്ചു നടപ്പിലാക്കുവാനുള്ള ഉത്തമ മാതൃക കാട്ടി തരുകയും ചെയ്തിരിക്കുന്നു. ആയതിനാൽ സുന്നത്ത് അനുസരിച്ച് നാം ജീവിക്കേണ്ടതാണ്. നമ്മുടെ സഹോദരി സഹോദരന്മാരോട് നാം കരുണയോടെ വർത്തിക്കുക. സഹനത കൈക്കൊള്ളുക. വിനയാന്വിതരായിരിക്കുക. സമാധാനവും വിജയവും നേടുന്നതിന് സഹായിക്കുക. വിജയ വാതിലുകളുടെ താക്കോലാ

ണിത്.

മറ്റു സമുദായങ്ങളുടെ മേലുളള നമ്മുടെ അധീശത്വം സൂചിപ്പിക്കുന്ന അടയാളമാണ് നമ്മുടെ സാഹോദര്യം. ജീവിതത്തിൽ ഒരേ ദിശയിൽ നാമെല്ലാം മുഖം തിരിച്ചാൽ, പരസ്പരം സഹകരണത്തോടെ ഏതു കാര്യവും വിജയത്തിലെത്തിക്കുവാൻ കഴിയുന്നതാണ്. ഐക്യമത്യം മഹാബലം. നമ്മെ അത് ആത്മവിശ്വസത്തിലേക്കും ഐശ്വര്യത്തിലേക്കും നയിക്കുന്നതാണ്. ആയതിനാൽ ലോകമെമ്പാടുമുള്ള മുസ്ലീംകൾ, അലസതയാലും, ഐക്യമില്ലായ്മയാലും തന്റെ സഹോദരനെ ആട്ടിപായിക്കരുത്. പരസ്പരം സഹായിച്ചും സഹകരിച്ചും മുമ്പോട്ടുപോവുക എന്നതാണ് ഇസ്ലാമിലെ ധാർമ്മിക തത്വം. അങ്ങനെ ഹൃദയങ്ങൾ ഒന്നായി ചേരുമ്പോൾ ശക്തിയും സംരക്ഷണവും ഉണ്ടായിവരും.

മുസ്ലീംകൾ എന്ന നിലയിൽ, നമ്മുടെ രക്ഷിതാവിന്റെ കല്പനകൾ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടേതാണ്. ഒരു വാർത്തയും ഒരു കല്പനയും തമ്മിൽ വളരെ വലിയ അന്തരമുണ്ട്, പ്രത്യേകിച്ച് ദൈവീക കല്പന. ഒരു കല്പന അഥവാ ഒരുത്തരവ് പരമോന്നതനായ അല്ലാഹു നമുക്കെല്ലാവർക്കും നല്കിയിരിക്കുകയാണ്. ഒരുമിച്ചു നില്ക്കുക എന്നത്. **''നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനു വേണ്ടി.'' (3;104).**

വാർത്തകൾ സംബന്ധമായി പരമോന്നതനായ അല്ലാഹു പറഞ്ഞു. **നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാകുന്നു. ഒരേയോരു സമുദായം. ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതിനാൽ (നാശത്തിൽ പെടാതിരിക്കാൻ) നിങ്ങൾ എന്നെ രക്ഷാകേന്ദ്രമാക്കുവിൻ. എന്നിട്ട് അവർ (ജനങ്ങൾ) തങ്ങളുടെ കാര്യത്തിൽ പരസ്പരം ഭിന്നിച്ചു. പലകക്ഷികളായിത്തീർന്നു. എല്ലാ ഓരോകക്ഷിയും താന്താങ്ങളുടെ പക്കലുളളതിൽ സന്തുഷ്ടരാണ്. (23:53,54).**

നിശ്ചയം, ഈ രണ്ടു പ്രസതാവനകളിൽ വളരെവലിയ അന്തരമുണ്ട്. ഒന്നാം വചനത്തിൽ അല്ലാഹു (ത) മുസ്ലിം സമുദായത്തോടു കല്പിച്ചു. **''ഒരുമിച്ച് നില്ക്കുവാനും ഭിന്നിച്ചു പോകാതിരിക്കുവാനും''**. അടുത്ത പ്രസ്താവനയിൽ അല്ലാഹു(ത) പറഞ്ഞു. മുസ്ലിം സമുദായം ഒരൊറ്റ സമുദായമാണ്, എന്നാൽ ദൗർഭാഗ്യവശാൽ അവർ പലവിഭാഗങ്ങളായി പിരിഞ്ഞു, ആയതിനാൽ അവർ മാർഗ്ഗദർശനത്തിൽ നിന്നും പുറത്തായിരിക്കുന്നു. ആയതിനാൽ ഒരു മുസ്ലിം നിശ്ചയമായും മനസ്സിലാക്കണം. അതായത് അവന്റെ ഉത്തരവാദിത്വത്തിൽപെട്ടതാണ് ഒരുമിച്ച് നില്ക്കുക എന്നത്, ഭിന്നിച്ചു പോകരുത് എന്നതും കാരണം ഭിന്നിക്കൽ പാപപ്രവർത്തിയാണ്; അല്ലാഹുവിന്റെ ക്രോധത്തിന് പാത്രമാകുന്ന കാര്യമാണ്. എന്നാൽ ദൗർഭാഗ്യവശാൽ പലവിഭാഗങ്ങളായി പിരിഞ്ഞതിൽ ഇന്ന് മുസ്ലിംകൾ സന്തോഷിക്കുകയാണ്. എന്നിട്ട് അവരുടെ പ്രവർത്തിയെ അവർ ന്യായീകരിക്കുകയും ചെയ്യുന്നു. സമുദായത്തിൽ ഭിന്നതയുണ്ടാകുമെന്ന് അല്ലാഹു (ത) പറഞ്ഞിട്ടുണ്ടല്ലോ. ഇവർ ഈ വാക്കുകളിലൂടെ, ഒരു വസ്തുത മറന്നു പോകുന്നു.

അല്ലാഹു (ത) ഒരിക്കലും ഭിന്നിക്കുവാൻ കല്പിച്ചിട്ടില്ല. മുസ്ലിം സമുദായം മൗറീഷ്യസിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ഭിന്നിച്ചതെങ്ങനെയാണ് എന്ന് നാം ചിന്തിക്കുമ്പോൾ, ഇത് സത്യത്തിൽ വിഷമകരമായ ഒരു കാര്യമാണ്- പണ്ഡിതൻമാർ, ഇസ്ലാമിക പരിഷ്ക്കർത്താക്കൾ, സൂഫിവര്യന്മാർ - ഞാൻ ഇവരോട് ചോദിക്കുകയാണ് **ദൈവീക കല്പന നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടോ ?** ഈ വഴികാട്ടികൾ, സത്യത്തിൽ സമുദായത്തിന്റെ മുമ്പിൽ, ഈ കല്പന നടപ്പിൽ വരുത്തുമ്പോൾ, മാതൃകാപുരുഷന്മരായിരിക്കേണ്ടതല്ലേ ? അവർ തന്നെ വിഭിന്ന ചേരിയിലായിരിക്കുന്നു. ആയതിനാൽ ഇതിന് ഒരു പരിഹാരം വേണ്ടതല്ലേ ? നിശ്ചയമായും അതെ പരിഹാരം വേണ്ടതാണ്. നാമെല്ലാവരും ദൈവീക കല്പനയെ മുറുകെ പിടിക്കേണ്ടതാണ്: ദൈവീക വാർത്തയെയല്ല (ഞാൻ ചാപ്റ്റർ 3 ലും 23 ലും യഥാക്രമം ചൂണ്ടികാണിച്ചതുപോലെ).

ആയതിനാൽ നാം അല്ലാഹു (ത) യെ യഥാർഥമായി അനുസരിക്കുന്നുവെങ്കിൽ നാമെല്ലാം ഒന്നായി ചേരേണ്ടതാണ്. മുസ്ലിം സമുദായം ഒന്നായി ചേരുക എന്നത് എളുപ്പമായ കാര്യമല്ല! എന്നാൽ അസാധ്യമായ തല്ല. ഈ ലക്ഷ്യം മനസ്സിലാക്കാൻ, കഴിഞ്ഞകാലങ്ങളിൽ പലരും പരാജയപ്പെട്ടെങ്കിലും, ഈ നൂറ്റാണ്ടിൽ മുഹ്യിദ്ദീൻ ഖലീഫത്തുല്ലായുടെ ആഗമനത്തോടെ , ഈ ലക്ഷ്യത്തിലെത്തുവാൻ കഠിനയത്നം നടത്താവുന്നതും ലക്ഷ്യം നേടാവുന്നതുമാണ്. വിനീതനായ ഞാൻ നിങ്ങളുടെ എല്ലാം മുമ്പാകെ ഇന്നുണ്ട്. അല്ലാഹു (ത) നമുക്ക് ഒരു സുവർണ്ണാവസരം നല്കിയിരിക്കുകയാണ്. ലാഇലാഹ ഇല്ലല്ലാഹ്  എന്ന ബാനറിൻ കീഴിൽ ഒരുമിക്കുവാൻ, ഒത്തു ചേരുവാൻ, ഒറ്റ സമുദായമായി. നിങ്ങൾ അല്ലാഹുവിനേയും അല്ലാഹുവിന്റെ ഖലീഫ യേയും അനുസരിക്കുവാൻ  ഈ നൂറ്റാണ്ടിൽ  തയ്യാറാവുകയാണെങ്കിൽ, അസാദ്ധ്യമായി തോന്നാവുന്ന പദ്ധതികൾ, ദൈവീക നിർദ്ദേശാനുസരണം സാധ്യമായി തീരുന്നതാണ്. ഇൻശാ അല്ലാഹ് ! മുസ്ലിംകൾ മനസ്സിലാക്കുവാൻ സമയം അതിക്രമിച്ചിരിക്കുന്നു. അതായത് ഈ ഭിന്നിപ്പാണ് നമ്മുടെ ഒരേ ഒരു പ്രധാന ന്യൂതന. ഈ ഭിന്നിപ്പിന്റെ ഉത്തരവാദികൾ നിങ്ങൾ തന്നെയാണ്. കാരണം പ്രവാചക പ്രഭു മുഹമ്മദ്  മുസ്തഫ (സ) ക്ക് ശേഷം പ്രവാചകത്വത്തിന്റെയും ദൈവീക വെളിപാടുകളുടെയും വാതിൽ നിങ്ങൾ അടച്ചുകുറ്റിയിട്ടു കഴിഞ്ഞു. നിങ്ങളുടെ വായ്കൊണ്ടും, കരം കൊണ്ടും അല്ലാഹുവിന്റെ പ്രകാശത്തെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിച്ചു, അങ്ങനെ നിങ്ങൾ പ്രയാസകരമായ അന്ധകാരത്തിൽ ആപതിച്ചു. അതിന്റെ ഫലമാണ് നിങ്ങൾ അനുഭവിക്കുന്നത്. നിങ്ങൾ ഒരുമിച്ച് നിൽക്കാതെ നിങ്ങൾ ഒരു നന്മയും നേടുകയില്ല.

**പ്രവാചക പ്രഭു (സ) നിശ്ചയമായും സത്യം പറഞ്ഞിരിക്കുന്നു. അൽ – ജമാഅത്ത് ഒരനുഗ്രഹമാണ്. ഭിന്നിപ്പ് പാപകരമാണ്, (മുസ്തദ് അഹ്മദ്) പ്രവാചകർ (സ) വീണ്ടും പറയുന്നു. അൽ ജമാഅത്തിന്റെ മേൽ അല്ലാഹുവിന്റെ കരങ്ങളുണ്ട്. (തിർമിദി)** വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറഞ്ഞതിനെ ഈ രണ്ടു ഹദീതുകളും സ്ഥിതീകരിക്കുന്നു. **“നിന്റെ നാഥൻ ഇച്ഛരിച്ചിരുന്നുവെങ്കിൽ മനുഷ്യരെ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷേ, അവർ ഭിന്നിച്ചുകൊണ്ടേയിരിക്കുന്നു. നിന്റെ നാഥൻ കരുണ ചെയ്തവർ ഒഴിച്ച്. അതിന് (ഈ കാരുണ്യത്തിന് പാത്രീഭവിക്കാൻ) വേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചിട്ടുള്ളത്....” (11:119 – 120)**

അല്ലാഹു (ത) ഗ്രഹണശേഷി തുറന്നു തന്നിട്ടുള്ളവർ ഗ്രഹിക്കുക. നിങ്ങൾ കാര്യങ്ങൾ മറച്ച് വയ്ക്കരുത്, ഏതെങ്കിലും ഒരു ആരാധനാ രീതിയിൽ ജീവിക്കരുത്, ഏതെങ്കിലും പ്രത്യേക സംഘത്തിലും പ്രവേശിക്കരുത്. ഭൂമിയിലെ നിങ്ങളുടെ ഉത്തരവാദിത്വം ഒരുമിച്ച് നിൽക്കുവാൻ ആഗ്രഹിക്കുന്നവരോടൊപ്പം ഒരുമിച്ച് നിൽക്കുക. ആരിലാണോ അല്ലാഹുവിന്റെ കരുണ ചൊരിഞ്ഞിരിക്കുന്നത് അവരോടൊപ്പം നിൽക്കുക. ഞങ്ങൾ, ജമാ അത്തുസ്സഹീഹിൽ ഇസ്ലാം വളരെ സൂക്ഷ്മതയോടെ ഇത് പിന്തുടരുകയാണ്. കാരണം ഞങ്ങൾ ഈ സമുദായത്തിൽ നന്മ ആഗ്രഹിക്കുന്നു. ഞങ്ങൾ സമാധാനത്തോടെ കഴിയുവാൻ ആഗ്രഹിക്കുന്നു. സന്തോഷത്തോടെ കഴിയുവാൻ ആഗ്രഹിക്കുന്നു. സൗഹാർദ്ദത്തിൽ കഴിയുവാൻ ആഗ്രഹിക്കുന്നു. ഈ കല്പനകൾ നിറവേറ്റുവാൻ അല്ലാഹു (ത) നമ്മെ സഹായിക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************